പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 1795 | 07/03/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

**ഭക്ഷ്യസുരക്ഷാ നടപടികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ സുരക്ഷയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | ഭക്ഷ്യസുരക്ഷ പരിശോധനകൾക്കായി സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ എൻഫോഴ്സ്മെന്റ് വിഭാഗവും, അനലിറ്റിക്കൽ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഓഫീസർമാർ നിശ്ചിത ഇടവേളകളിലും സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചും ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുന്നു. അവിടെ നിന്നും ലഭിക്കുന്ന പരിശോധന ഫലത്തിന്റെ അടിസ്ഥാനത്തിൽ മായം ചേർക്കുന്നതായി കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ എല്ലാ മാസങ്ങളിലും പരിശോധന നടത്താറുണ്ട്. ഇതു കൂടാതെ നിശ്ചിത ഇടവേളകളിലും ഓണം, റംസാൻ, ബക്രീദ്, ക്രിസ്മസ്സ്- പുതുവത്സരം, തുടങ്ങിയ ആഘോഷ വേളകളിലും, ഉത്സവ (ആറ്റുകാൽ പൊങ്കാല, ശബരിമല തുടങ്ങിയവ) സീസണുകളിലും മഴക്കാലത്തും പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്ന സമയങ്ങളിലും ഭക്ഷ്യസുരക്ഷാ വിഭാഗം പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. കുടാതെ ടോൾഫ്രീ വഴിയും നേരിട്ടുള്ള പരാതികളുടെ അടിസ്ഥാനത്തിലും |

| | | | |
|---|---|---|---|
| | | | പത്രവാർത്തകളുടെ അടിസ്ഥാനത്തിലും നവമാധ്യമങ്ങളിലെ വാർത്തകളുടെ അടിസ്ഥാനത്തിലും ഇ-മെയിൽ ആയി വരുന്ന പരാതികളുടെ അടിസ്ഥാനത്തിലും ഭക്ഷ്യ ഉൽപ്പാദന വിതരണ സംഭരണ വിൽപ്പന സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. |
| ബി) | ഭക്ഷ്യ സുരക്ഷാ സംവിധാനം ഫലപ്രദമാകാത്തതിനാൽ, വിഷാംശമുള്ള മത്സ്യ, മാംസ്യങ്ങളും, പച്ചക്കറികളും ജനങ്ങൾ ഉപയോഗിക്കുകയും മാരകരോഗങ്ങൾക്ക് അടിമകളായിത്തീരുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുന്നതിന് സർക്കാർ തലത്തിൽ വിവിധങ്ങളായ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. അതിൽ കൃഷി മൃഗ സംരംക്ഷണ വകുപ്പിനുള്ള ചുമതലകൾ വളരെ വലുതാണ്. കൃഷി വകുപ്പ് കർഷകർ ഉപയോഗിക്കുന്ന കിടനാശിനികളെ സംബന്ധിച്ചും, രാസവളങ്ങളെ സംബന്ധിച്ചും കൃത്യമായ പരിജ്ഞാനം കർഷകർക്ക് നൽകുന്നുണ്ടെങ്കിലും ഇവ പലപ്പോഴും കൃത്യമായി പാലിക്കപ്പെടാത്തതും അമിത വ്യാപര താല്പര്യം മുൻനിർത്തി, വിളകൾ നഷ്ടപ്പെടാതെ ലഭിക്കുന്നതിനു വേണ്ടിയും, കണക്കിൽ കൂടുതൽ കീടനാശിനികളും, രാസവളങ്ങളും ഉപയോഗിക്കുന്നത് നിയന്ത്രിക്കാതെ ഭക്ഷ്യസുരക്ഷ പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കുകയില്ല. അതുപോലെ മൃഗസംരംക്ഷണ വകുപ്പ് കാലികളുടെയും, കോഴി, താറാവ് മറ്റ് ഭക്ഷ്യയോഗ്യമായ മൃഗങ്ങളുടെയും വളർച്ചയ്ക്കും പരിപാലനത്തിനും കൃത്യമായ മുൻകരുതലുകളും ഇടപെടലുകളും നടത്തിയെങ്കിൽ മാത്രമേ ഭക്ഷ്യയോഗ്യമായ മാംസവും, മുട്ടയും ലഭിക്കാൻ സാധിക്കുകയുള്ളൂ.<br><br>വിപണിയിൽ ലഭ്യമാകുന്ന പഴം, പച്ചക്കറി, മത്സ്യം, മാംസം, മുട്ട ഇവ പരിശോധിച്ചതുകൊണ്ട് ഒരു പരിധി വരെ മാത്രമേ ഇവയിൽ നിന്നുള്ള ആരോഗ്യപ്രശ്നങ്ങളെ ചെറുക്കാൻ സാധിക്കുകയുള്ളൂ. കൃഷി, മൃഗസംരംക്ഷണം, ഭക്ഷ്യ സുരക്ഷാ, ആരോഗ്യം, ഫിഷറീസ് എന്നീ വകുപ്പുകളുടെ യോജിച്ചുള്ള പ്രവർത്തനം കൊണ്ടു മാത്രമേ ഇത്തരം ദുഷ്പ്രവർത്തനങ്ങളെ തടയാൻ സാധിക്കുകയുള്ളൂ. |
| സി) | ഭക്ഷ്യസുരക്ഷാനിയമം കർശനമാക്കി ഭക്ഷ്യ സാധനങ്ങളിൽ മായം | സി) | ഭക്ഷ്യസുരക്ഷാ നിയമപ്രകാരം മായം കലർത്തുന്നതിനുള്ള പരമാവധി ശിക്ഷ 7 വർഷം മുതൽ ജീവപര്യന്തം വരെയുള്ള തടവ് ശിക്ഷയും, |

| | | | |
|---|---|---|---|
| | ചേർക്കുന്നവർക്ക് തടവുശിക്ഷ നൽകുന്ന തരത്തിൽ നിയമം നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | | പത്ത് ലക്ഷം രൂപയിൽ കുറയാതെയുള്ള പിഴയും പ്രാബല്യത്തിലുണ്ട്. |
| ഡി) | സക്വാഡുകൾ രൂപീകരിച്ച് എല്ലാ വിപണന കേന്ദ്രങ്ങളിലും കർശന മായ പരിശോധന നടത്തി മായം ചേർക്കൽ നടത്തുന്നവരെ നിയമ ത്തിന്റെ മുന്നിൽ കൊണ്ടുവരു ന്നതിന് നടപടിസ്വീകരിക്കുമോ യെന്ന് വിശദമാക്കുമോ? | ഡി) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ എല്ലാ മാസങ്ങളിലും പരിശോധന നടത്താറുണ്ട്. ഇതു കൂടാതെ നിശ്ചിത ഇടവേളകളിലും ഓണം, റംസാൻ, ബക്രീദ്, ക്രിസ്മസ്സ്- പുതുവത്സരം, തുടങ്ങിയ ആഘോഷ വേളകളിലും, ഉത്സവ (ആറ്റുകാൽ പൊങ്കാല, ശബരിമല തുടങ്ങിയവ) സീസണുകളിലും മഴക്കാലത്തും പകർച്ച വ്യാധികൾ പടർന്നു പിടിക്കുന്ന സമയങ്ങളിലും ഭക്ഷ്യസുരക്ഷാ വിഭാഗം പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്.<br>പ്രസ്തുത പരിശോധനകളിൽ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ പരിശോധന നടത്താറുണ്ട്. പ്രസ്തുത പരിശോധനയിൽ മായം കലർത്തിയതായി കണ്ടെത്തിയ സാഹചര്യങ്ങളിൽ പ്രോസിക്യൂഷൻ/ അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ